**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **31-01-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ സേഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ സേഫ് പദ്ധതി മുഖേന തിരഞ്ഞെടുക്കപ്പെട്ട എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 90 ഗുണഭോക്താക്കൾക്ക് 1,39,04,453/-രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5ഗുണഭോക്താക്കൾക്ക് 11,05,500/-രൂപയും സേഫ് പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചു എന്നുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 57 ഗുണഭോക്താക്കളും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 4 ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | സേഫ് പദ്ധതിയിലേക്ക് പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകരിൽ അർഹതയുള്ള ഗുണഭോക്താക്കളെക്കൂടി പരിഗണിച്ച ശേഷം സേഫ് പദ്ധതിയിലേക്ക് പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ